പറയുന്നുണ്ട്. സി.ബി.ഐ.-യുടെ അഭിപ്രായം കണക്കിലെടുത്ത് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കർഷകർ ഇവിടെ നിന്നും ലോൺ എടുത്തതിനോ ഉടമസ്ഥാവകാശം കർഷകരിലിരുന്നുകൊണ്ട് അവർ ചെയ്യുന്ന പ്രവർത്തനങ്ങൾക്കോ യാതൊരു തടസ്സവുമില്ലായെന്നതാണ് സി.ബി.ഐ. രേഖപ്പെടുത്തിയിട്ടുള്ളത്.

4. സെക്ഷൻ ആഫീസും സബ്സ്റ്റേഷനും ആരംഭിക്കാൻ നടപടി

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാറ്റിലും മഴയിലും ഒരുപക്ഷെ സംസ്ഥാനത്ത് എന്റെ നിയോജക മണ്ഡലത്തിൽ മാത്രം വൈദ്യുതി വിതരണത്തിന് ഏറ്റവുമധികം തടസ്സം നേരിട്ട. ഇരിട്ടി ഡിവിഷനിൽ എച്ച്.റ്റി. പോസ്റ്റുകൾ പൊട്ടിപോയത് 119, എൽ.റ്റി. പോസ്റ്റുകൾക്ക് നാശനഷ്ടം വന്നത് 593, എച്ച്.റ്റി. ലൈൻ 13 കി.മീറ്റർ, എൽ.റ്റി. ലൈൻ 545 കി.മീറ്റർ, ട്രാൻസ്ഫോർമറുകൾ 4 എണ്ണം. ഇതുപരിഹരിക്കുന്നതിന് ഒരാഴ്ച സമയമെടുത്തു. ഒരാഴ്ചയിൽ കൂടുതൽ വൈദ്യുതി വിതരണം നിലച്ച പ്രദേശങ്ങളുമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച് പ്രാദേശികമായ പത്രവാർത്തകൾ വന്നു. ഞാൻ തന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ യോഗം വിളിച്ചുകൂട്ടിയിരുന്നു. അപ്പോൾ ഉയർന്നുവന്നകാര്യം പല സെക്ഷനുകളിലും പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവമാണ്. നിലവിലുള്ള പോസ്റ്റിൽ തന്നെ മതിയായ ജീവന ക്കാരില്ലാത്ത സാഹചര്യമാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി അവിടത്തെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചില സെക്ഷനുകൾ വിഭജിച്ച് പുതിയ വള്ളിത്തോട് സെക്ഷൻ ആഫീസ് രൂപീകരിക്കണമെന്ന ആവശ്യം വളരെ ശക്തമാണ്. നിലവിലുള്ള ഇരിട്ടി സെക്ഷനിൽ ഏഴ് പഞ്ചായത്തുകളിലെ പ്രദേശമാണ് വരുന്നത്. ഏഴ് പഞ്ചായത്ത് പ്രദേശത്ത് 105 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ ഇരുപതിനായിരത്തിലധികം കൺസ്യൂമേഴ്സ് ഒരു സെക്ഷന്റെ കീഴിൽ വരുന്നു. ഏഴ് പഞ്ചായത്ത് പ്രദേശത്ത് 105 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ ഒരു സെക്ഷൻ ആഫീസ് പ്രവർത്തിക്കുമ്പോൾ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുന്നില്ല. പുതിയ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള വള്ളിത്തോട് ആസ്ഥാനമായി സമീപ സെക്ഷൻ ആഫീസുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് വളരെ ശാസ്ത്രീയമായി സെക്ഷൻ ആഫീസ് രൂപീകരിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട മന്ത്രി മുൻപാകെ സമർപ്പിക്കുകയാണ്. അതുപോലെതന്നെ കേളകത്തെ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി അവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം വളരെ ശക്തമാണ്, അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ത്വരിതപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, കഴിഞ്ഞ പ്രാവശ്യം ഇവിടെ ശ്രീ. ബെന്നി ബെഹനാന്റെ ഒരു സബ്മിഷന് മറുപടിയായി ഞാൻ പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്ത് ഏകദേശം 13000-ത്തോളം ഇലക്ട്രിക് പോസ്റ്റുകൾ, 130 ട്രാൻസ്ഫോർമറുകൾ, 1800 കി.മീ. എച്ച്.ടി. ലൈൻ ഇവയ്ക്കെല്ലാം കൂടി ഏകദേശം 15 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ നാശനഷ്ടങ്ങളെക്കുറിച്ച് പറഞ്ഞത് ശരിയാണ്. അതിനേക്കാൾ കുറച്ചുകൂടി കൂടുതലാണ് എന്റെ നിയോജക മണ്ഡലത്തിലുണ്ടായ നഷ്ടം. ജീവനക്കാരുടെ രാവും പകലുമായുള്ള കഠിനാദ്ധ്വാനം കൊണ്ട് ഇപ്പോൾ ആ കാര്യങ്ങൾ കുറെയൊക്കെ ശരിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, വള്ളിത്തോട്ടിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ തന്നെ ആവശ്യത്തിന് സ്റ്റാഫില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇനി പുതിയ സെക്ഷൻ ആരംഭിച്ചാലും ആളുണ്ടാകില്ല, ഇപ്പോഴുള്ളതിനേക്കാളും കുറയും. എന്നാലും ഇതിനെ സംബന്ധിച്ചിടത്തോളം ഇരിട്ടി, എട്ടൂർ, പുളിക്കൽ, വള്ളിത്തോട് എന്നീ സെക്ഷനുകൾ വിഭജിച്ച് വള്ളിത്തോട്ടിൽ ഒരു സെക്ഷൻ ഓഫീസ് തുടങ്ങാനുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതേയവസരത്തിൽ അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, കേളകത്ത് സബ്സ്റ്റേഷനുണ്ടാക്കുന്നതിനെ സംബന്ധിച്ചാണ്. കേളകത്ത് 33 കെ.വി. സബ്സ്റ്റേഷൻ തുടങ്ങാൻ 24-1-2014-ൽ അനുമതി നൽകിയിട്ടുണ്ട്. നെടുമുഴയിലെ 66 കെ.വി. സബ്സ്റ്റേഷനെ 110 കെ.വി. സബ്സ്റ്റേഷനാക്കി ഉയർത്തി അതിൽനിന്നും 15 കി.മീ. ലൈൻ വലിച്ച് 33 കെ.വി. സബ്സ്റ്റേഷനുണ്ടാക്കാനാണ് പ്രൊപ്പോസൽ. അതിന് താമസം വരുമെന്നുള്ളതു കൊണ്ട് ഇരിട്ടിയിലെ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും 24 കി.മീ. ലൈൻ വലിച്ച് അവിടെ ഒരു സബ്സ്റ്റേഷനുണ്ടാക്കേണ്ട കാര്യത്തെക്കുറിച്ചും പഠനം നടത്തിവരുന്നുണ്ട്. ഏതായാലും സബ്സ്റ്റേഷൻ വളരെ അത്യാവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അക്കാര്യത്തിൽ ചെയ്യാവുന്നതൊക്ക ചെയ്യും. വള്ളിത്തോട്ടിലെ സെക്ഷൻ ഓഫീസിന്റെ കാര്യം പരിശോധിച്ചു വരികയാണ്.

5. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിലനിർത്തുന്നത് സംബന്ധിച്ച്

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ സർവ്വീസുകൾ നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പുതുക്കാട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ 36 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടി 32 ബസ്സുകളാണ് നിലവിലുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly